# തിരുവിതാംകൂർ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ നടപടി ഉത്തരവ്

(സാന്നിദ്ധ്യം വി. എസ്. ജയകുമാർ)

## സംഗ്രഹം

ശബരിമല ദേവസ്വം - 1192 എം.ഇ മണ്ഡലം-മകരവിളക്ക് മഹോത്സവത്തിന് മുൻപ് ശബരിമല ദേവസ്വത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടു-ത്തുന്നത് സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 4/2016/Sab തിരുവനന്തപുരം,തീയതി 10/03/2016

---

പരാമർശം : 02/03/2016 ലെ ആർ.ഒ.സി 87/2012എസ്റ്റാ-1 കോൺഫറൻസ് തീരുമാനം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് 02/03/2016 ൽ ബോർഡ് ആസ്ഥാനത്തു വിളിച്ചു കൂട്ടിയ കോൺഫറൻസിൽ ഭക്തർക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ശബരിമല ദേവസ്വത്തിൽ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ 1192 ചിങ്ങം 1 ന് മുൻപ് പൂർത്തിയാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ ചുവടെ വിവരിക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു. 02/03/2016 ലെ യോഗത്തിന്റെ മിനുറ്റ്സ് ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ഉത്തരവ്

ശബരിമലയിലെ സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ ചിങ്ങം 1 മുതൽ ഏർപ്പെടുത്തുവാൻ തീരുമാനിച്ചു. ഇതിലേക്കാവശ്യമായ ഹാർഡുവെയർ, സോഫ്റ്റുവെയർ, നെറ്റുവർക്ക് എന്നിവ അടിയന്തിരത്തിൽ നിലവിലുള്ള ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി ഏർപ്പെടുത്തുന്നതിനും ടി പ്രവർത്തനത്തിന്റെ പ്രോഗ്രസ്സ് ഓരോ മാസവും ബോർഡിൽ റിപ്പോർട്ടു ചെയ്യുന്നതിന് പ്രോജക്ട് മാനേജരെയും ദേവസ്വം കമ്മീഷണറെയും ചുമതലപ്പെടുത്തി.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി,

(ഒപ്പ്)

സെക്രട്ടറി

പകർപ്പ്

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. ചീഫ് എഞ്ചിനിയർ
5. എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല
6. എക്സിക്യൂട്ടീവ് എഞ്ചിനിയർ, പമ്പ
7. പ്രോജക്ട് മാനേജർ, കമ്പ്യൂട്ടറൈസേഷൻ
8. ഇ.ഡി.പി (വെബ് സൈറ്റ്)

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി